# മാധ്യമങ്ങൾ യുവത്വത്തെ പാശ്ചാത്യവത്കരിക്കുന്നു

അഡ്വ. ആർ. സജ്ജു




'ഇന്ത്യയിലെ യുവാക്കൾക്ക് എന്തു സംഭവിച്ചു?' ഇന്ന് ഏറെ മുഴങ്ങിക്കേൾക്കുന്ന ഒരു ചോദ്യമാണിത്. സംഭവിക്കാൻ പാടില്ലാത്തതെന്തോ സംഭവിച്ചിരിക്കുന്നു. അതുകൊണ്ടാണല്ലോ ഇങ്ങനെയൊരു ചോദ്യം. കാമ്പസ്സിലെ വിദ്യാർത്ഥികൾക്ക് സാമൂഹിക പ്രതിബദ്ധത നഷ്ടപ്പെട്ടു. രാഷ്ട്രീയ സാമൂഹിക പ്രശ്നങ്ങളിൽ വിദ്യാർത്ഥികളുടെ ഇടപെടൽ ഏറെക്കുറെ ഇല്ലാതായി. പരമ്പരാഗത സംസ്കാരത്തിൽ നിന്നും അവർ പാശ്ചാത്യവൽക്കരിക്കപ്പെട്ടു. ഭാഷയിലും ഭക്ഷണത്തിലും ഫാഷനിലും എല്ലാം ഇന്നത്തെ വിദ്യാർത്ഥി ഏറെ മാറിയിരിക്കുന്നു.

ഇത് സ്വമേധയാ ഉണ്ടായതല്ല. മാറ്റിയെടുത്തതാണ്, ഉദാരവൽക്കരണത്തിന്റേയും ആഗോളവൽക്കരണത്തിന്റേയും വഴിയിലൂടെ കടന്നുകയറിയ വിദേശകുത്തകകൾ. ബഹുരാഷ്ട്രകുത്തക ഉല്പന്നങ്ങളുടെ വളരെ വേഗം വിറ്റഴിയുന്ന ഏറ്റവും വലിയ ഒരു വിപണിയായി ഇന്ത്യയെ മാറ്റിയെടുക്കുന്നതിനുവേണ്ടി 1987 മുതൽ ആസൂത്രിതപദ്ധതികൾ ആവിഷ്കരിച്ചുതുടങ്ങി. മാധ്യമങ്ങളെ ഉപയോഗിച്ചുകൊണ്ടുള്ള അതിവിദഗ്ദ്ധമായ പദ്ധതികളിലൂടെയാണ് യുവാക്കളുടെ മനോഭാവങ്ങളിൽ മാറ്റം ഉണ്ടാക്കിയത്.

സ്വാഭാവികമായും ഉണ്ടായേക്കാവുന്ന സംശയം യുവാക്കളാണോ ഉല്പന്നങ്ങളുടെ ഏറ്റവും വലിയ ഉപഭോക്താക്കൾ? യുവത്വത്തെ പാശ്ചാത്യവൽക്കരിക്കപ്പെട്ടാൽ ഉപഭോഗത്തിന്റെ തോതു കൂടുമോ? മനോഭാവത്തിൽ മാറ്റമുണ്ടാക്കാൻ മാധ്യമങ്ങൾക്ക് കഴിയുമോ? ബഹുരാഷ്ട്രകുത്തകകൾക്ക് ഈ വിധത്തിൽ യുവാക്കളെ സ്വാധീനിക്കാൻ കഴിയുമോ? - എന്നിവയൊക്കെയാണ്.

ഇന്ത്യൻ യുവത്വത്തിന്റെ ചിന്തയിലും പ്രവർത്തനങ്ങളിലുമെല്ലാം മാധ്യമങ്ങൾ ശക്തമായ സ്വാധീനമാണ് ചെലുത്തുന്നത്. ഇന്ത്യൻ യുവത്വത്തെ മാറ്റിമറിക്കണമെങ്കിൽ മാധ്യമങ്ങളിലൂടെ മാത്രമേ സാധിക്കുവെന്ന് ബഹുരാഷ്ട്രകുത്തകകളുടെ മാർക്കറ്റിങ്ങ് റിസർച്ച് ഏജൻസികൾ പഠനം നടത്തി കണ്ടെത്തുകയുണ്ടായി.

1987ൽ ഒരു ബ്രിട്ടീഷുകാരന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ദെൽഹിയിൽ നിന്നും പ്രസിദ്ധീകരണമാരംഭിച്ച സൺഡേ ഒബ്സർവർ എന്ന പത്രരൂപത്തിലുള്ള വാരി

(ശേഷം പേജ് 5)